A

# സമഗ്ര ശിക്ഷാ, കേരളം

602

## അർധവാർഷിക മൂല്യനിർണയം 2019-20

## മലയാളം

ക്ലാസ് : 6 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

മണൽപ്പരപ്പിൽ കുഴിയുണ്ടാക്കി
ഒളിച്ചിരുന്നു പുഴവെള്ളം
ഒലിച്ച കാലം മറന്ന കടവിൽ
തപസ്സിരുന്നു കളിവള്ളം
കിഴക്കു മാമല മുടിയാട്ടത്തിനു
വരുന്നതില്ലാ കരിമേഘം
മഴയ്ക്കു തോറ്റംപാടും തവളകൾ
കരഞ്ഞുമില്ലാ കലികാലം
വിഷുക്കണിക്കായെത്തിയ വെള്ളരി
വിഷംപുരട്ടിയ പൂതനയായ്
മണം പരത്തിയ മാമ്പൂവെല്ലാം
കരിഞ്ഞു പോയി കനവുകളായ്
പരന്ന വയലിൽ നടുവിലെടുപ്പുകൾ
പണിഞ്ഞു നഗരം കുടിയേറി
ഒഴിഞ്ഞ ചാക്കിൽ ചവറു പെറുക്കാൻ
മുടിഞ്ഞ ഗ്രാമം പടിയേറി - പി.പി.രാമചന്ദ്രൻ

**മുകളിൽ കൊടുത്ത കവിത വായിച്ച് ബ്രാക്കറ്റിൽ നിന്നും ഏറ്റവും അനുയോജ്യമായ ഉത്തരം കണ്ടെത്തി എഴുതുക.**

1. മണൽപ്പരപ്പിൽ കുഴിയുണ്ടാക്കി ഒളിച്ചിരിക്കുന്നത് ആര്?
   (എ) പുഴവെള്ളം (ബി) കരിമേഘം (സി) കലികാലം
2. 'കരിഞ്ഞു പോയി കനവുകളായ്' - എന്ത്?
   (എ) വാക്കുകൾ (ബി) ചിന്തകൾ (സി) മാമ്പൂക്കൾ
3. നഗരം കുടിയേറിയത് എവിടേയ്ക്ക് ?
   (എ) പരന്ന വയലിലേക്ക് (ബി) ഒഴിഞ്ഞ ചാക്കിലേക്ക് (സി) മറന്ന കടവിലേക്ക്
4. പ്രകൃതിയുടെ താളം തെറ്റിയ കാലത്തെ കവി വിശേഷിപ്പിച്ചിട്ടുള്ളത്?
   (എ) കലികാലം (ബി) പലകാലം (സി) കഴിഞ്ഞകാലം

5. *"ഒഴിഞ്ഞ ചാക്കിൽ ചവറുപെറുക്കാൻ*
*മുടിഞ്ഞ ഗ്രാമം പടിയേറി"*
ഈ വരികളിൽ കവി സൂചിപ്പിക്കുന്ന സാമൂഹ്യപ്രശ്നം ?
(എ) മാലിന്യ നിക്ഷേപം (ബി) കുടിവെള്ള പ്രശ്നം (സി) ഗതാഗത പ്രശ്നം

**പ്രവർത്തനം 2 - വിശകലനക്കുറിപ്പ്**

*മാലാഖമാർ: മാപ്പ്... മുത്തശ്ശീ മാപ്പ്...*
*വൃദ്ധ: പോകിൻ... ഈ ഒടങ്കല്ലി മൂലയിൽ... കാടിന്റെ ഗർഭത്തിൽ...*

അപകടം പതിയിരിക്കുന്ന കാട്ടിൽ നിന്ന് മാലാഖമാരെ രക്ഷിച്ച വൃദ്ധയെ പരിചയമുണ്ടല്ലോ. വൃദ്ധയുടെ പ്രവൃത്തികളെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 3 - സംഭാഷണരചന**

കുന്നിൻ ചരിവിൽ ഒറ്റയ്ക്കായിപ്പോയ കുട്ടി പിന്നീട് കുഴലൂത്തുകാരനെ കണ്ടുമുട്ടി. പറഞ്ഞുറപ്പിച്ച പണം കിട്ടാത്തതുകൊണ്ട് തന്റെ മുഴുവൻ കൂട്ടുകാരെയും കൊണ്ടുപോയ കുഴലൂത്തുകാരനോട് കുട്ടി നടത്താനിടയുള്ള സംഭാഷണം എഴുതുക.

**പ്രവർത്തനം 4 - അഭിപ്രായക്കുറിപ്പ്**

| വീണ്ടും പ്രതീക്ഷ |
|---|
| ബംഗളൂരു: ചന്ദ്രയാൻ- 2 ദൗത്യത്തിൽ വിക്രം ലാന്ററുമായുള്ള ആശയവിനിമയത്തിനുള്ള ശ്രമം ഉപേക്ഷിച്ചിട്ടില്ലെന്ന് ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ.കെ.ശിവൻ വ്യക്തമാക്കി. |

മുകളിൽ കൊടുത്ത പത്രവാർത്തയും 'പരിശ്രമം ചെയ്യുകിലെന്തിനേയും' എന്ന പാഠഭാഗത്തിലെ അബ്ദുൾ കലാമിന്റെ അനുഭവവും നിങ്ങളുടെ കാഴ്ചപ്പാടും ചേർത്ത് ഒരു അഭിപ്രായക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 5 - കഥാപാത്ര നിരൂപണം**

*'സാവധാനത്തിലുള്ള ചലനവും മൃദുലമായ സംസാരവും ഒക്കെക്കൂടി അയാൾക്കൊരു വിഷാദവാന്റെ മട്ടുണ്ടായിരുന്നു'.*

കുട്ടികളെ എക്കാലത്തും അത്ഭുതപ്പെടുത്തുന്ന ഒരു കഥാപാത്രമാണ് 'ഹാമെലിനിലെ കുഴലൂത്തുകാരൻ.' രൂപം, സ്വഭാവം, കഥയിലെ സ്ഥാനം, മറ്റ് സവിശേഷതകൾ എന്നിവ ഉൾപ്പെടുത്തി കുഴലൂത്തുകാരന്റെ കഥാപാത്ര നിരൂപണം തയാറാക്കുക.

## പ്രവർത്തനം 6 - ജീവചരിത്രക്കുറിപ്പ്



| | |
|---|---|
| ജനനം - 1946, മരണം- 2013<br>ജനനസ്ഥലം: പടിഞ്ഞാറേക്കല്ലട, കൊല്ലം. | ചൊൽക്കവിതകൾക്ക് മലയാളത്തിൽ<br>ജീവൻ നൽകിയ കവി. |
| ആശാൻ സ്മാരക കവിതാപുരസ്കാരം,<br>കേരള സാഹിത്യ അക്കാദമി<br>പുരസ്കാരം. | ദിശാ സൂചി<br>വീട്ടിലേക്കുള്ള വഴി<br>പേരറിയാത്ത മരങ്ങൾ. |
| കവി, അധ്യാപകൻ,<br>സാമൂഹ്യ പ്രവർത്തകൻ. | 'കണ്ണു നീട്ടിക്കരയുന്നു ജീവിതം<br>കണ്ണും നോക്കിച്ചിരിക്കുന്നു ജീവിതം'. |

'പടയണി' എന്ന ലേഖനം തയാറാക്കിയ ഡി. വിനയചന്ദ്രനെ കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും മുകളിൽ കൊടുത്ത സൂചനകളും ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ ജീവചരിത്രക്കുറിപ്പ് തയാറാക്കുക.